# ദൈവം നമ്മുടെ സ്വർഗ്ഗീയ പിതാവ്

## 1 യോഹന്നാൻ 3:1–2

"കാൺമിൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു."

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്ന ഏതൊരു വ്യക്തിക്കും ദൈവത്തിന്റെ മക്കൾ എന്ന പദവി നൽകപ്പെടുന്നു. അത് ദൈവത്തിന് മനുഷ്യകുലത്തോടുള്ള വലിയ സ്നേഹത്തിന്റെ ആഴമാണ് കാണിക്കുന്നത്. കാരണം ദൈവമക്കൾ എന്ന പദവി നല്കാതെ തന്നെ നമ്മെ രക്ഷിക്കുവാൻ ദൈവത്തിന് കഴിയുമായിരുന്നു. എന്നാൽ ദൈവം അതിൽ നിർത്തിയില്ല. ഇതൊരു അസാധാരണ സ്നേഹമാണ്, കാരണം അവൻ നമ്മെ സ്നേഹിക്കുന്നത് നാം പാപികളും, ശത്രുക്കളും, ബലഹീനരും ആയിരിക്കുമ്പോൾ തന്നെയാണ്. "നാം അങ്ങനെ തന്നെ ആകുന്നു" എന്നു പറയുന്നതിൽ നിന്നും ഈ പുത്ര പദവിയുടെ സുനിശ്ചിതത്വം യോഹന്നാൻ ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു.

റോമർ 8:15 നമ്മോടു പറയുന്നു "നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല. നാം അബ്ബാ പിതാവേ എന്നുവിളിക്കുന്ന പുത്രത്വത്തിൻ ആതാമാവിനെ അത്രെ പ്രാപിച്ചത്" ആദിമക്കൾക്ക് തന്റെ യജമാനനെ 'അബ്ബാ' എന്നു വിളിക്കുവാൻ അനുവാദം ഉണ്ടായിരുന്നില്ല. ദൈവത്തെ 'അബ്ബാ' എന്നു വിളിക്കുവാൻ അനുവാദമില്ലാതിരുന്ന അടിമത്വത്തിന്റെ ആത്മാവിൽ നിന്ന് രക്ഷിക്കപ്പെട്ട വിശ്വാസികൾ വിടുതൽ നേടിയിരിക്കുന്നു. എബ്രായർ 2:11 ൽ പറയുന്നു "കർത്താവ് നമ്മെ സഹോദരൻ എന്നു വിളിച്ചു."

പ്രിയരേ, രക്ഷിക്കപ്പെട്ട ഞാനും നിങ്ങളും സ്വർഗ്ഗീയ പിതാവിന്റെ മക്കളും യേശുക്രിസ്തുവിന്റെ കൂട്ടു സഹോദരരും ആണ്. എന്നാൽ രക്ഷിക്കപ്പെടാത്തവർ പിതാവിനെയും പുത്രനേയും ദൈവമക്കളേയും അറിയുന്നില്ല. (യോഹ 15:20–25). അനുദിന ക്രിസ്തീയ ജീവിതത്തിൽ നാം ദൈവമക്കളാണെന്ന വസ്തുത ലോകം ഒരിക്കലും മനസ്സിലാക്കിയില്ല. കർത്താവിന്റെ ഈ ലോകജീവിത കാലത്ത് അവനെ ഇതുപോലെ മനസ്സിലാക്കുവാൻ ലോകത്തിന് കഴിഞ്ഞില്ലല്ലോ. ദൈവമക്കളും അതിനാൽ ലോകത്തിൽ നിന്ന് സ്നേഹവും അംഗീകാരവും കിട്ടാത്തതിൽ സങ്കടപ്പെടേണ്ട.

സഹോദരരേ, ഈ സ്വർഗ്ഗീയ പിതാവ് നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി നമുക്ക് നൽകുന്നവനും കൂടിയാണ്. നമ്മുടെ ഈ ലോകത്തിലെ

പിതാവിന്റെ അടുക്കൽ എപ്പോഴും കടന്നു ചെല്ലുവാൻ നമുക്ക് അനുവാദം ഉള്ളതുപോലെ തന്നെ, ഈ ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ ആവശ്യങ്ങളുമായി ഏതു സമയത്തും ചെല്ലുവാനുള്ള അനുവാദം നമുക്കുണ്ട്. എന്നാൽ അവിടുത്തെ ഹിതം എന്താണോ അതാണ് നടക്കുന്നതെന്ന് നാം അംഗീകരിക്കുകയും വേണം. അവിടുന്ന് തന്റെ മഹത്വത്തിനായി നമുക്ക് ആവശ്യമുള്ളത്, അതിന്റെ സമയത്ത് കൃത്യമായി ചെയ്തു തരും. ‘‘അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ’’ (1 പത്രോസ് 5:7). നമ്മിൽകൂടി ദൈവനാമം മഹത്വപ്പെടുവാൻ നാം ആഗ്രഹിക്കണം.

ഈ ലോക ജീവിതം അനേക ആവശ്യങ്ങളും സാധ്യതകളും വഴികളും നമുക്കു മുമ്പിൽ വയ്ക്കും. എന്നാൽ ദൈവമക്കളായ നാം സ്വർഗീയ പിതാവിന്റെ ഇഷ്ടത്തിനും, സമയത്തിനുമായി കാത്തിരിക്കണം. അവന് തെറ്റ് പറ്റുകയില്ല, വഴി തെറ്റുന്നവനുമല്ല, സമയത്ത് തന്നെ അവൻ ചെയ്യും. ശാന്തമായി ദൈവത്തിന്റെ മക്കളായി ജീവിക്കാം.

**പരാമർശം:**

1 യോഹന്നാൻ 4:15,16

യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.

**ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 010**